# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

## പത്രക്കുറിപ്പ്

സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മത്സ്യങ്ങളിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള മാരകമായ രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് മത്സ്യങ്ങുടെയും അവ സൂക്ഷിക്കാനുപയോഗിക്കുന്ന ഐസിൻെറയും ഐസ് നിർമ്മാണ പ്ലാൻറുകളിൽ നിന്നുള്ള സാമ്പിളുകളും ശേഖരിക്കുന്നതിനുള്ള പരിശോധന സംസ്ഥാന വ്യാപകമായി ഇന്നും തുടർന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൂടുതലായി എത്തിക്കുന്ന ചൂര, തിരണ്ടി, നെയ്മീൻ , ആവോലി, അയല , മത്തി, ചെമ്പെല്ലി, കട്ട്ല , തള തുടങ്ങിയ മീനുകളുടെയും വിവിധ ഇനങ്ങളിലുള്ള ഉണക്ക് മീനിൻെറ 7 സാമ്പിളുകളും, മീൻ സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ഐസിൻെറ 10 സാമ്പിളുകളും ഐസ് നിർമ്മാണ കമ്പനികളിൽ നിന്നുള്ള 8 സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചിട്ടുണ്ട്.

വടക്കൻ ജില്ലകളിൽ ഫുഡ് സേഫ്റ്റി കമ്മീഷണർ, ശ്രീ.ബിജു പ്രഭാകർ ഐ.എ.എസ്, ജോയിൻറ് ഫുഡ് സേഫ്റ്റി കമ്മീഷണർ ശ്രീ.കെ.അനിൽ കുമാർ എന്നിവർ കോഴിക്കോട് ക്യാമ്പ് ചെയ്ത് പരിശോധനയ്ക്ക് നേതൃത്വം നൽകി വരികയാണ്. പരിശോധന രാത്രികാലങ്ങളിൽ ഉൾപ്പെടെ തുടർ ദിവസങ്ങളിൽ തുടരുന്നതാണെന്നും സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

**04.04.2013**
**കോഴിക്കോട് ക്യാമ്പ്**

**ഫുഡ് സേഫ്റ്റി കമ്മീഷണർക്കു വേണ്ടി**